# കല്യാൺ സാരീസ് സമരം 60 ദിവസം പിന്നിട്ടു

**തൃശൂരിലെ** കല്യാൺ സാരീസ് എന്ന വസ്ത്രവ്യാപാര സ്ഥാപനത്തിൽ നിന്നും അന്യായമായി സ്ഥലം മാറ്റിയതിനെ തുടർന്ന് ആറ് സ്ത്രീ തൊഴിലാളികൾ 2014 ഡിസംബർ 30ന് ആരംഭിച്ച ഇരിക്കൽ സമരം തുടരുന്നു. അസംഘടിത മേഖലാ തൊഴിലാളി യൂണിയന്റെ (എ.എം.ടി.യു) ആഭിമുഖ്യത്തിൽ നടക്കുന്ന സമരം മുഖ്യധാരാ മാധ്യമങ്ങളുടെയും ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളുടെയും നിരന്തര അവഗണനകളെ മറികടന്നു കൊണ്ട് മുന്നോട്ട് പോവുകയാണ്. അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ദശലക്ഷക്കണക്കിന് തൊഴിലാളികളുടെ പൊതുസമരമുഖം എന്ന നിലയിലേക്ക് വികസിക്കുകയാണ് കല്യാൺ സമരം. അതിന്റെ ഭാഗമായി 2015 ജനുവരി 21ന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ വച്ച് വിവിധ ട്രേഡ് യൂണിയൻ സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്ത വിപുലമായ ഐക്യദാർഢ്യ കൺവെൻഷൻ നടന്നു. തുടർന്ന് ഫെബ്രുവരി 14, 16, 17 തീയതികളിലായി കല്യാൺ സമര ഐക്യദാർഢ്യ സമിതിയുടെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വാഹന പ്രചരണ ജാഥയും ഫെബ്രുവരി 18ന് തൃശൂർ കോർപ്പറേഷൻ ഓഫീസിന് മുന്നിൽ ബഹുജന സത്യാഗ്രഹവും സംഘടിപ്പിക്കപ്പെട്ടു. ഇതിനിടയിൽ കല്യാൺ സമരം ഒത്തുതീർന്നു എന്ന തരത്തിൽ മാനേജ്മെന്റ് കുപ്രചരണം നടത്തുന്നുമുണ്ട്. 2015 ഡിസംബർ 22ന് കല്യാൺ ജനറൽ മാനേജർ സമരപന്തലിലെത്തുകയും നിലവിലെ സ്ഥലം മാറ്റൽ റദ്ദുചെയ്യുകയും ഒരു ഡിപ്പോയിലേക്ക് തൊഴിലാളികളെ തിരിച്ചെടുക്കുകയും ചെയ്തതായി കാണിച്ചുകൊണ്ടുള്ള ഒരു കത്ത് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഈ ഡിപ്പോ എവിടെയാണെന്നോ, എന്നാണ് വരുന്നതെന്നോ വ്യക്തമാക്കാൻ അവർ തയ്യാറായിരുന്നില്ല. മാനേജ്മെന്റിന്റെ ഈ കുതന്ത്രത്തിന് തൊഴിലാളികൾ വഴങ്ങാതിരുന്നതിനാലാണ് സമരം ഒത്തുതീർക്കാൻ ശ്രമിച്ചിട്ടും തൊഴിലാളികൾ തയ്യാറായില്ല എന്നതരത്തിൽ വ്യാജ പ്രചരണം കല്യാൺ മാനേജ്മെന്റ് അഴിച്ചുവിട്ടത്. സമരത്തിന് നേതൃത്വം നൽകുന്ന എ.എം.ടി.യുവുമായി കരാറിൽ ഏർപ്പെടുന്നതിനും മാനേജ്മെന്റ് വിസമ്മതിച്ചു. അതേസമയം ഇരിക്കൽ സമരം തുടരുന്നതിന്റെ ഭാഗമായി നിലവിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് അനുകൂലമായ പല മാറ്റങ്ങളും കല്യാൺ സാരീസിൽ സംഭവിച്ചു എന്നത് സമരത്തിന്റെ വിജയമായി മാറി. ശമ്പള വർദ്ധനവുണ്ടാവുകയും പി.എഫ്, ക്ഷേമനിധി തുടങ്ങിയ രേഖകൾ തൊഴിലാളികൾക്ക് ലഭിക്കുകയും ചെയ്തു. ഉഭയകക്ഷി ഉടമ്പടി പ്രകാരം തൊഴിൽ നിയമങ്ങൾ പാലിച്ചുകൊണ്ട് തൊഴിലാളികളെ തിരിച്ചെടുക്കും വരെ സമരത്തിൽ ഉറച്ചു നിൽക്കുകയാണ് ആറ് സ്ത്രീകൾ.

ജാഗ്രതയുടെ കേരളീയം
ലക്കം 2 • പുസ്തകം 16 • 2015 ഫെബ്രുവരി • പേജ് 4 • വില 10 രൂപ
Regd. with Registrar of Newspaper of India under No.71285/99.

jaagrathayude Keraleeyam
2015 February. Vol. 16 Issue 02. Price: Rs. 10/-

POSTED AS REGISTERED PERIODICAL

To
............................................................
............................................................
............................................................
............................................................

ജാഗ്രതയുടെ കേരളീയം
മുനിസിപ്പൽ മാർക്കറ്റ് ബിൽഡിംഗ്,
കൊക്കാലെ, തൃശൂർ - 680021

Printed, published and owned by Sharat. S at Keraleeyam, Thrissur - 21. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026.
Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com

## ഖനന നിയമ ഭേദഗതി: പ്രതിഷേധം ഉയരുന്നു

**അഭിപ്രായം** അറിയിക്കാൻ ജനങ്ങൾക്ക് വേണ്ടത്ര സമയം കൊടുക്കാതെയും കൂടിയാലോചനയില്ലാതെയും സംസ്ഥാനത്തെ ഖനനച്ചട്ടം സർക്കാർ ഭേദഗതി ചെയ്യുന്നു. അനധികൃത ഖനനം തടയൽ നിയമം, കേരള മൈനർ മിനറൽ കൺസഷൻ നിയമം എന്നിവ ഭേദഗതി ചെയ്യാൻ സർക്കാർ നടപടി തുടങ്ങി. ജനങ്ങളുടെ അഭിപ്രായമറിയിക്കാനായി നിയമ ഭേദഗതിയുടെ കരട് മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ വെബ്സൈറ്റിൽ ഇട്ടെങ്കിലും ഇക്കാര്യം വേണ്ടവിധം പൊതുസമൂഹത്തെ അറിയിക്കാതിരുന്നതിനാലും വേണ്ടത്ര സമയം പ്രതികരണത്തിനായി നൽകാതിരുന്നതിനാലും ക്വാറികൾക്കെതിരെ സമരം ചെയ്യുന്നവർക്കും പരിസ്ഥിതി പ്രവർത്തകർക്കും തങ്ങളുടെ അഭിപ്രായങ്ങൾ അറിയാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ, ഖനന മേഖലയിലുള്ളവരുടെ അനവധി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അധികൃതർക്ക് കൃത്യമായി ലഭിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. ഈ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മാത്രം ചേർത്ത് നിയമം ഭേദഗതി ചെയ്യാനുള്ള നീക്കമാണ് നടക്കുന്നത്. 1967ലെ കേരള മൈനർ മിനറൽ കൺസഷൻ നിയമം വെച്ചുകൊണ്ട് ഇപ്പോഴത്തെ പല ഖനനങ്ങളും നിയന്ത്രിക്കുക അസാധ്യമായതുകൊണ്ടാണ് ഭേദഗതി വേണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചതും അതനുസരിച്ച് സർക്കാർ നീങ്ങിയതും. ഇതിനെതിരെ വലിയ രീതിയിലുള്ള പ്രതിഷേധങ്ങൾ ക്വാറി വിരുദ്ധ സമരപ്രവർത്തകരുടെ ഭാഗത്ത് നിന്നും ഉയർന്നുവരുന്നുണ്ട്. *ബന്ധങ്ങൾക്ക്: 9495055581*

## കണികാ പരീക്ഷണശാല എന്തിന്?

**കേന്ദ്രത്തിന്റെ** അനുമതി ലഭിച്ചതിനെ തുടർന്ന് മതികെട്ടാൻചോല ദേശീയോദ്യാനവുമായി അതിർത്തി പങ്കിടുന്ന തമിഴ്നാട്ടിലെ പെട്ടിപ്പുറത്ത് കണികാപരീക്ഷണശാലയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങി. പശ്ചിമഘട്ടത്തിന്റെ ഭാഗമായുള്ള മലനിരകൾ രണ്ട് കിലോമീറ്ററോളം ആഴത്തിൽ തുരന്ന് നിർമ്മിക്കുന്ന പരീക്ഷണശാലയ്ക്കെതിരെ തദ്ദേശീയരായ കർഷകരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും എതിർപ്പുകൾ സജീവമാണ്. അമേരിക്ക നെവേദയിൽ നടത്തുന്ന അണുവിസ്ഫോടനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ഫെർമി നാഷണൽ ആക്സിലറേറ്റർ ലബോറട്ടറിയാണ് ന്യൂട്രിനോ പരീക്ഷണ നിലയനിർമാണത്തിനു പിന്നിൽ. ആണവമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനുള്ള രഹസ്യശ്രമമാണ് കണികാപരീക്ഷണശാലയുടെ പേരിൽ നടത്തുന്നതെന്നും ആണവവിരുദ്ധ സമരപ്രവർത്തകർ ആരോപിക്കുന്നു. പരീക്ഷണശാല പൂർത്തിയാക്കി ന്യൂട്രിനോ പരീക്ഷണം പരാജയമെന്ന് വരുത്തിതീർത്ത ശേഷം ആണവ മാലിന്യങ്ങൾ സൂക്ഷിക്കാനുള്ള പദ്ധതിയാണിതെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. കൂടംകുളത്തെ അടക്കം ആണവ മാലിന്യങ്ങൾ സൂക്ഷിക്കാൻ നിലവിൽ സംവിധാനങ്ങളില്ലാത്തതിനാൽ 2020 ഓടെ ഇതിനുള്ള സംവിധാനം ഒരുക്കുമെന്ന കേന്ദ്രസർക്കാർ സുപ്രീം കോടതിക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. അതിനുള്ള സംവിധാനമായാണ് ഈ പരീക്ഷണശാല ഒരുക്കുന്നത്. പരീക്ഷണശാലയ്ക്ക് അനുമതിതേടി തമിഴ്നാട് സർക്കാരിന്റെ പാരിസ്ഥിതിക മലിനീകരണ നിയന്ത്രണ ബോർഡിന്, ഇന്ത്യാ ബെയ്സ്ഡ് ന്യൂട്രിനോ ഒബ്സർവേറ്ററി സെൽ (ഐ.എൻ.ഒ) സമർപ്പിച്ച അപേക്ഷയിൽ ആണവ പദ്ധതി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആണവവിരുദ്ധ പ്രവർത്തകർ വ്യക്തമാക്കുന്നു.

## മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്: തീരദേശം സമരത്തിലേക്ക്

മത്സ്യബന്ധന മേഖലയിൽ വരുത്തേണ്ട പരിഷ്കരണങ്ങളെപ്പറ്റി ഡോ. മീനാകുമാരി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിനെതിരെ തീരദേശ മേഖലയിൽ പ്രതിഷേധം ശക്തമാകുന്നു. തീരക്കടലിൽ 200 മുതൽ 500 മീറ്റർ ആഴം വരെ ബഫർ സോൺ അഥവാ കരുതൽ മേഖലയായി പ്രഖ്യാപിക്കുക, വിദേശ ട്രോളറുകൾക്ക് കേരള തീരത്ത് മത്സ്യബന്ധനത്തിന് അനുവാദം നൽകുക തുടങ്ങിയ റിപ്പോർട്ടിലെ പരാമർശങ്ങൾക്കെതിരെയി മത്സ്യത്തൊഴിലാളി മേഖലയിലുള്ള മിക്ക സംഘടനകളും രംഗത്ത് വന്നിട്ടുണ്ട്. 200 മുതൽ 500 മീറ്റർ വരെ ബഫർ സോണായി പ്രഖ്യാപിച്ച് തദ്ദേശീയരായ മത്സ്യതൊഴിലാളികൾക്ക് മത്സ്യം പിടിക്കാനുള്ള അവസരം നിഷേധിക്കുകയും അതേസമയം വിദേശ കപ്പലുകൾക്ക് ഈ മേഖലയിൽ യഥേഷ്ടം ചൂഷണം ചെയ്യാൻ അനുമതി നൽകുന്നതിനും ശുപാർശ ചെയ്യുന്ന റിപ്പോർട്ട് ഇരട്ടത്താപ്പ് നയമാണ് കാണിക്കുന്നതെന്ന് തൊഴിലാളി സംഘടനകൾ കുറ്റപ്പെടുത്തുന്നു. വിദേശ ട്രോളറുകൾക്ക് അതിർത്തി കടന്ന് മത്സ്യബന്ധനത്തിന് അനുമതി നൽകാനുള്ള റിപ്പോർട്ടിലെ ശുപാർശ മത്സ്യസമ്പത്ത് നശിക്കുന്നതിൽ കലാശിക്കും. ഇപ്പോൾ തന്നെ കൂറ്റൻ വിദേശ ബോട്ടുകൾ പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ അഭിപ്രായം തേടാതെയാണ് ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് എന്നതും ഇവർ പരാതിയായി ഉന്നയിക്കുന്നുണ്ട്.

## പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ: ഡൽഹിയിൽ സത്യാഗ്രഹം

കേരള നിയമസഭ ഐകകണ്ഠേന പാസാക്കി കേന്ദ്രത്തിന്റെ അനുമതിക്കായി അയച്ച പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കാൻ കഴിയില്ല എന്ന കേന്ദ്രസർക്കാറിന്റെ നിലപാടിനെതിരെ പ്ലാച്ചിമട സമര-ഐക്യദാർഢ്യ സമിതിയുടെ ആഭിമുഖ്യത്തിൽ 2015 ഫെബ്രുവരി 25, 26 തീയതികളിൽ ഡൽഹി പാർലമെന്റ് സ്ട്രീറ്റിൽ 48 മണിക്കൂർ സത്യാഗ്രഹ സമരം നടത്തി. 2010ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിലൂടെ ഹരിത ട്രിബ്യൂണൽ നിലവിൽ വന്നതിനാൽ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ വേണ്ടതില്ല എന്ന തടസ്സവാദമാണ് കേന്ദ്ര സർക്കാർ ഇപ്പോൾ ഉന്നയിച്ചിരിക്കുന്നത്. എന്നാൽ ഹരിത ട്രിബ്യൂണലിന്റെ പരിധിയിൽ പ്ലാച്ചിമട വിഷയം വരുന്നതല്ലെന്ന് മുമ്പും കേരളം വ്യക്തമായി ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. പ്ലാച്ചിമട തക്കപരിഹാരത്തിന് ഹരിത ട്രിബ്യൂണൽ ആക്ട് പര്യാപ്തമല്ലാതിരുന്നിട്ടും കേന്ദ്രസർക്കാർ തടസ്സം ഉന്നയിക്കുന്നത് കൊക്കക്കോളയുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണെന്ന് പ്ലാച്ചിമട സമരസമിതി ആരോപിക്കുന്നു. പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ നിലനിൽക്കുന്നതല്ല എന്ന് കാണിച്ചുകൊണ്ട് സംസ്ഥാന സർക്കാരിനെ മന:പൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നടത്തിയിരിക്കുന്നത്. യു.പി.എ സർക്കാറിന്റെ കാലത്തും ഇതേ തടസ്സവാദം കൊക്കക്കോളയുടെ അഭിഭാഷകർ ഉന്നയിച്ചിരുന്നു. കൊക്കക്കോളയുടെ അഭിഭാഷകന്റെ വിശകലനങ്ങളും ചോദ്യങ്ങളും അതേപടി കേന്ദ്ര സർക്കാറിന്റെ ചോദ്യങ്ങളായി സംസ്ഥാന സർക്കാറിന് ആഭ്യന്തര മന്ത്രാലയം അയച്ചു നൽകുകയായിരുന്നു. എന്നാൽ സംസ്ഥാന സർക്കാർ അതിനെല്ലാം അപ്പോൾ തന്നെ വ്യക്തമായ മറുപടി നൽകിയിട്ടുണ്ട്. വീണ്ടും കേന്ദ്ര സർക്കാർ കൈക്കൊണ്ടിരിക്കുന്ന ഈ നിലപാട് ഫെഡറലിസത്തോടുള്ള വെല്ലുവിളിയാണ്. സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാൽ, കന്നിയമ്മ, പാപ്പാൾ, ശക്തിവേൽ, കെ.വി. ബിജു, ഈസാബിൻ അബ്ദുൾകരീം, വർഗീസ് തൊടുപറമ്പിൽ, വി.ഡി. മജീന്ദ്രൻ, എം.എൻ. ഗിരി, സുരേഷ് ജോർജ്ജ് തുടങ്ങിയവർ പങ്കെടുത്തു.

## ഭൂമിയേറ്റെടുക്കൽ ഓർഡിനൻസ്: പ്രതിഷേധം വ്യാപകമാകുന്നു

വിവാദമായ ഭൂമിയേറ്റെടുക്കൽ നിയമ ഭേദഗതിയ്ക്കെതിരെ സാമൂഹ്യ പ്രവർത്തകൻ അണ്ണാ ഹസാരെയുടെ ആഭിമുഖ്യത്തിൽ രണ്ട് ദിവസത്തെ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. 2015 ഫെബ്രുവരി 23, 24 തീയതികളിൽ ജന്തർമന്ദറിൽ വച്ച് നടന്ന ധർണ്ണയിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളും പങ്കുചേർന്നു. ഭൂമി ഏറ്റെടുക്കൽ ഓർഡിനൻസ് പിൻവലിച്ചില്ലെങ്കിൽ രാജ്യമെങ്ങും ജയിൽ നിറയ്ക്കൽ പ്രക്ഷോഭം നടത്തുമെന്ന് അണ്ണാ ഹസാരെ പറഞ്ഞു. ഇടതുപക്ഷ സംഘടനകളും എൻ.എ.പി.എമ്മും ഏകതാ പരിഷത്തും വിവിധ കർഷക സംഘടനകളും സമരത്തിൽ അണിചേർന്നു. മേധാ പട്കർ, ജസ്റ്റിസ് രജീന്ദർ സച്ചാർ, എം.ഡി.എം.കെ. നേതാവ് വൈകോ തുടങ്ങിയവരും സമരത്തിന് പിന്തുണയുമായെത്തി. കോർപ്പറേറ്റുകൾക്ക് യഥേഷ്ടം ഭൂമി പിടിച്ചെടുത്ത് നൽകുന്നതിനും അതിനായി ജനങ്ങളെ ബലപ്രയോഗത്തിലൂടെ കുടിയിറക്കുന്നതിനും ഊന്നൽ നൽകുന്ന ഓർഡിനൻസാണ് ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ കേന്ദ്രസർക്കാർ കൊണ്ടുവന്നിരിക്കുന്നത്. സാമൂഹികാഘാതമോ പാരിസ്ഥിതികാഘാതമോ ഭൂമിയേറ്റെടുക്കലിന് തടസ്സമാകരുതെന്ന് ഓർഡിനൻസ് പറയുന്നു. ആഘാതപഠനം നിർബന്ധമാക്കുന്ന എട്ടാം വകുപ്പിൽ നിന്നും മിക്ക പദ്ധതികളും ഒഴിവാക്കിയിട്ടുണ്ട്. വ്യാവസായി ഇടനാഴികൾക്കും പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾക്കും ആഘാതപഠനങ്ങൾ വേണ്ടെന്നാണ് ഓർഡിനൻസ് പറയുന്നത്. വ്യവസായവും വികസനവും വേഗത്തിലാക്കുക എന്നതുമാത്രമാണ് ഓർഡിനൻസ് പരിഗണിച്ചിരിക്കുന്നത്. പാർലമെന്റിൽ ചർച്ചചെയ്യാതെ ഓർഡിനൻസിലൂടെ ജനങ്ങളുടെമേൽ കോർപ്പറേറ്റ്‌വാഴ്ച അടിച്ചേൽപ്പിക്കുന്നതിനുള്ള ശ്രമമാണ് നരേന്ദ്രമോദി സർക്കാർ ഓർഡിനൻസ് രാജിലൂടെ നടത്തുന്നതെന്ന് ഭൂമിയേറ്റെടുക്കൽ നിയമ ഭേദഗതി വ്യക്തമാക്കുന്നു.


STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

**JAAGRATHAYUDE KERALEEYAM**

(Form-1V)

1. Place of Publication : Thrissur
2. Periodicity of the Publication : Monthly
3. Printer's Name : Sharat. S
   Whether citizen of India : Yes
   Address : Chaithram, T.B.Junction, Kottarakkara, Kollam - 691 506
4. Publisher's Name : Sharat. S
   Whether citizen of India : Yes
   Address : Chaithram, T.B.Junction, Kottarakkara, Kollam - 691 506
5. Editor's Name : Sharat. S
   Whether citizen of India : Yes
   Address : Chaithram, T.B.Junction, Kottarakkara, Kollam - 691 506
6. Name and address of the individual who own the newspaper and partners or shareholders holding more than one percent of the total capital : Sharat. S, Keraleeyam, Municipal Market Building, Kokkalai, Thrissur - 680 021

I, Sharat. S, hereby declare that the particulars given above are true to the best of my knowledge and belief.

28.02.2015

Sd/-
Publisher

# കാലം ആവശ്യപ്പെടുന്ന വിഭവശേഖരണം

പ്രിയ സുഹൃത്തെ,

കഴിഞ്ഞ 17 വർഷമായി തുടരുന്ന ജാഗ്രതയുടെ കേരളീയം മാസിക സാമൂഹിക നീതിക്കും വിഭവ സംരക്ഷണത്തിനും ജനാധിപത്യ അവകാശങ്ങൾക്കും വേണ്ടി നടത്തുന്ന സമരങ്ങൾക്കൊപ്പമാണ് എന്നും നിലകൊള്ളുന്നത്. പ്രസിദ്ധീകരണ ചരിത്രത്തിൽ ലിറ്റിൽ എന്നോ ബദൽ എന്നോ സമാന്തരം എന്നോ പറയാവുന്ന ധാരയിൽപ്പെടുന്ന കേരളീയത്തിന് വായനക്കാരുടെയും സാമൂഹിക പ്രവർത്തകരുടെയും കൂടിയ പങ്കാളിത്തവും പിന്തുണയും നേടാനായിട്ടുണ്ട്. എന്നാൽ യാഥാസ്ഥിതികതയുടെയും കേന്ദ്രീകരണത്തിന്റെയും ഹിംസയുടെയും വികസനത്തിന്റെയും മുഖ്യധാരയ്ക്ക് മുന്നിൽ വികേന്ദ്രീകരണത്തിന്റെയും ചെറുകൂട്ടായ്മകളുടെയും പുതുപരീക്ഷണങ്ങളുടെയും മെച്ചപ്പെട്ട മറ്റൊരു ലോകം സാധ്യമാക്കുന്നതിന് ഇനിയും ഏറെ ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. വൈവിധ്യമേറിയ ബഹുവിധ മാധ്യമങ്ങൾ നമുക്കുണ്ടെങ്കിലും സത്യത്തിന്റെയും അഹിംസയുടെയും മനഃസാക്ഷിയുടെയും നീതിയുടെയും പക്ഷത്ത് നിന്നുകൊണ്ട് സൂക്ഷ്മമായ ഇടപെടലുകൾ നടത്താൻ കഴിയുന്ന സമാന്തര മാധ്യമശ്രമങ്ങൾ ഇനിയും ഏറെ വളരേണ്ടതുണ്ട്. നവമാധ്യമങ്ങൾ വലിയ സാധ്യതകൾ ഉണർത്തുന്നുണ്ടെങ്കിലും അവ സ്പർശിക്കുന്ന ജീവിതങ്ങളും അവയുടെ ആഴവും ഇനിയും മെച്ചപ്പെടേണ്ടതായുണ്ട്.

ജനാധിപത്യ ഭരണസംവിധാനം നിലനിൽക്കുന്ന ഇന്ത്യയിൽ കൂടുതൽ കൂടുതൽ ജനവിരുദ്ധമായിരിക്കുന്ന ഭരണകൂടമാണ് ശക്തമായിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ പ്രാഥമികമായ ആവിഷ്കാര സ്വാതന്ത്ര്യവും മൗലിക അവകാശങ്ങളും നിർവഹിക്കുന്നതിനുള്ള അടിസ്ഥാന അന്തരീക്ഷം പോലും ഇല്ലാതാക്കുന്ന തരത്തിലാണ് കോർപ്പറേറ്റ് ഏജന്റായി മാറിയിരിക്കുന്ന നമ്മുടെ ഭരണകൂടം പെരുമാറുന്നതെന്ന് അനുദിനം കൂടുതൽ വ്യക്തമാകുന്നുണ്ട്. ഭീകരമായ ഈ വ്യവസ്ഥിതിയോടും സാമൂഹികവിരുദ്ധമായ വികസന പദ്ധതികളോടും വിയോജിക്കാനും മറ്റൊരുലോകം സൃഷ്ടിക്കാനുമുള്ള നമ്മുടെ പ്രാഥമിക അവകാശത്തെയും ഉത്തരവാദിത്തത്തെയും പോലും ഈ ഭരണകൂടം അടിച്ചമർത്തുകയാണ്. ഇത് തിരിച്ചറിഞ്ഞുകൊണ്ട്, ഭരണകൂട ഭീകരതയോട് സന്ധിയില്ലാ സമരത്തിലേർപ്പെടാനും സർക്കാറിന്റെ വിവിധ സംവിധാനങ്ങളായ പാർലമെന്റ്-കോടതി-ബ്യൂറോക്രസി എന്നിവ പൂർണ്ണമായും കൈയടക്കിയിരിക്കുന്ന കോർപ്പറേറ്റ് സംവിധാനങ്ങളെ ബഹിഷ്കരിക്കുന്നതിനും നാം ശ്രമിക്കേണ്ടതുണ്ട്. ഇതിനായി തികച്ചും അഹിംസാത്മകവും വികേന്ദ്രീകൃതവും ജനാധിപത്യപരവുമായി സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന കൂട്ടായ്മകളും രാഷ്ട്രീയ മുന്നണികളും വിപുലപ്പെടുത്താനുള്ള ശ്രമങ്ങളിൽ ഉറച്ചുനിൽക്കാൻ കേരളീയം സമർപ്പിതമാണ്.

സങ്കീർണ്ണമായ ഈ ലോക സാഹചര്യത്തെ, നിത്യജീവിതത്തെ തൊടുന്ന യാഥാർത്ഥ്യങ്ങളിൽ മാറ്റിത്തീർക്കാൻ വേണ്ടിയുള്ള സാമൂഹിക മാധ്യമമായി കേരളീയം തുടരുന്നതിനായി നമുക്ക് പരസ്പരം ശക്തരാകേണ്ടതുണ്ട്. വലിയ തോതിലുള്ള സാമൂഹിക നിക്ഷേപം, സന്നദ്ധപ്രവർത്തനത്തിന്റെയും സർഗ്ഗാത്മക വിഭവശേഖരണത്തിന്റെയും വിനിയോഗത്തിന്റെയും രൂപത്തിൽ കാലം ആവശ്യപ്പെടുന്നുണ്ട്. നമ്മുടെ സ്വപ്നങ്ങളുടെയും സക്രിയതയുടെതുമായ സാധ്യതകൾ മാത്രമല്ല നമ്മുടെ വിവിധ സമ്പത്തുകൾ ഈ ദിശയിലുള്ള ശൃംഖലയിൽ കണ്ണിചേർക്കേണ്ടതുണ്ട്. നമ്മുടെ സ്വാർത്ഥതകളിൽ നിന്നും ഭയത്തിൽ നിന്നുമുള്ള മോചനവും വൈവിദ്ധ്യമേറിയ കൂട്ടായ്മയുടെ ഊർജ്ജവുമായിരിക്കും അനീതിയെ ചെറുക്കാനുള്ള എക്കാലത്തെയും മികച്ച മാതൃക. കടുത്ത നിസ്സഹായതയിലും വഴിമുട്ടി നിൽക്കുന്ന പരാജയങ്ങളിലും മറികടക്കാനാവില്ലെന്ന് തോന്നിക്കുന്ന വെല്ലുവിളികളിലും മനുഷ്യർ ഒറ്റയ്ക്കും കൂട്ടായും അതിജീവിച്ചുപോരുന്നത് പലപ്പോഴും സ്വാഭാവികവും ലളിതവുമായ സർഗ്ഗശേഷികൊണ്ടാണെന്ന് വീണ്ടും ഓർക്കേണ്ട സമയമാണിത്.

ശ്രദ്ധേയമായ മാധ്യമ ഇടപെടലായി കേരളീയം തുടരേണ്ടതുണ്ടെന്നും വളരേണ്ടതുണ്ടെന്നും കരുതുന്ന എല്ലാവരുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

**കേരളീയം കൂട്ടായ്മ അംഗത്വം : 10000 രൂപ**
**ആജീവനാന്ത വരിസംഖ്യ: വിദേശത്തേക്ക് : 8000 രൂപ, ഇന്ത്യയിൽ : 6000 രൂപ**
**വാർഷിക വരിസംഖ്യ (ഇന്ത്യയിൽ) : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ,**
**വിദേശത്തേക്ക് : 2000 രൂപ, 2 വർഷത്തേക്ക് : 600 രൂപ, 5 വർഷത്തേക്ക് : 2000 രൂപ.**

**'Keraleeyam' Bank A/C No: 12800200006806, Federal Bank,**
**STN Branch, Thrissur. RTGS Code : FDRL0001280**

**കേരളീയം, മുനിസിപ്പൽ മാർക്കറ്റ് ബിൽഡിങ്ങ്, കൊക്കാലെ, തൃശൂർ-680021, കേരളം.**
**ഫോൺ : 9446576943, 9446586943, 0487 2421385**
**e-mail : mailkeraleeyam@gmail.com web: www.keraleeyammasika.com**

കാർട്ടൂൺ: വി.എസ്. ഗിരീശൻ




## ജനാധിപത്യ, അഹിംസാത്മക പ്രതിരോധങ്ങളുടെ ഭാവി

നിലവിലെ ജനാധിപത്യ ഭരണവ്യവസ്ഥയുമായി സംവാദത്തിലേർപ്പെട്ടുകൊണ്ട് ജനാധികാരത്തെ ശക്തിപ്പെടുത്താൻ ശ്രമിക്കുന്ന ജനകീയ സമരങ്ങളും ജനാധിപത്യ പ്രസ്ഥാനങ്ങളുമെല്ലാം അതിരൂക്ഷമാംവിധമുള്ള പോലീസ്‌രാജിനെയും നിർദ്ദയമായ ഭരണകൂട നിലപാടുകളെയും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ 2015 ഫെബ്രുവരി 1ന് തൃശൂരിൽ സംഘടിപ്പിക്കപ്പെട്ട ജനാധിപത്യ അവകാശ കൺവെൻഷന്റെ തുടർച്ചകൾ ആലോചിക്കുന്നു. ജനാധിപത്യ അവകാശങ്ങളെ കവർന്നെടുക്കുന്ന ഭരണകൂടനയങ്ങളെയും അതിന് അകമ്പടി സേവിക്കുന്ന പോലീസ്‌രാജിനെയും എതെല്ലാം വിധത്തിൽ അഹിംസാത്മകവും ക്രിയാത്മകവുമായി പ്രതിരോധിക്കാം എന്നത് കൂടിയാലോചിക്കുന്നു, ഈ മാർച്ച് മാസത്തിൽ...

*ബന്ധങ്ങൾക്ക്: 9446576943*


## ആനന്ദ് പട്‌വർദ്ധന്റെ ഡോക്യുമെന്ററികൾ
വിൽപ്പനയ്ക്കും പ്രദർശനത്തിനും

**ഇൻ ദ നെയിം ഓഫ് ഗോഡ്**
സമയം: 75 മിനിട്ട്/ഹിന്ദി-ഇംഗ്ലീഷ് സബ്‌ടൈറ്റിൽ

**ജെയ് ഭീം കോമ്രേഡ്**
സമയം: 182 മിനിട്ട്/മറാത്തി-ഹിന്ദി-ഇംഗ്ലീഷ് സബ്‌ടൈറ്റിൽ

**ഫാദർ സൺ ആന്റ് ഹോളിവാർ**
സമയം: 120 മിനിട്ട്/ഹിന്ദി-ഇംഗ്ലീഷ് സബ്‌ടൈറ്റിൽ

**വാർ ആന്റ് പീസ്**
സമയം: 135 മിനിട്ട്/ഹിന്ദി-ഇംഗ്ലീഷ് സബ്‌ടൈറ്റിൽ

അട്ടപ്പാടിയിലെ ആദിവാസി പ്രശ്നത്തെക്കുറിച്ച്
പുതിയ ഡോക്യുമെന്ററി

**റെഡ് ഡാറ്റാ ബുക്ക്**
സമയം: 75 മിനിട്ട്/ മലയാളം. സംവിധാനം: ശ്രീമിത്ത്

**കോപ്പികൾക്ക്: കേരളീയം, കൊക്കാലെ, തൃശൂർ – 680021.**
**ഫോൺ: 04872421385**


## കേരളീയം വരിസംഖ്യ
### അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ.
കൂട്ടായ്മ അംഗത്വം : 10,000 രൂപ.
ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ. ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ–680021**
ഫോൺ : 0487 2421385, 9446576943

**നഷ്ടമൂല്യ സിദ്ധാന്തവും കർഷകന്റെ മാനിഫെസ്റ്റോയും**
**പുസ്തക പ്രകാശനവും**
**കർഷക രാഷ്ട്രീയ പാർട്ടി പ്രഖ്യാപനവും**
2015 മാർച്ച് 5, രാവിലെ 10.00ന്. കോഴിക്കോട് ടാഗോർ ഹാളിൽ
**ദേവീന്ദർ ശർമ്മ** പങ്കെടുക്കുന്നു

സാങ്കേതിക കാരണങ്ങളാൽ 2015 ഫെബ്രുവരി ലക്കം കേരളീയം നാല് പേജ് മാത്രമായാണ് ഇറക്കുന്നത്.

## അടുത്തലക്കത്തിൽ
### (2015 മാർച്ച്)

**ഈ ഫാസിസ്റ്റ് ഭരണത്തിനെതിരെ നിശബ്ദരാകരുത്**
- ജസ്റ്റിസ് രജീന്ദർ സച്ചാർ

**അഴിമതിക്കും ദുർഭരണത്തിനും വഴിയൊരുക്കുന്ന ആണവനിലയങ്ങൾ**
- എസ്.പി. ഉദയകുമാർ

**മഹാനിലെ ഗ്രാമീണരുടെ സമരവഴികൾ**
- പ്രിയ പിള്ള

**ജനാധിപത്യവിരുദ്ധമാകുന്ന പോലീസ് സംവിധാനം**
- അഡ്വ. കാളീശ്വരം രാജ്

**ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ**
- ബി.ആർ.പി. ഭാസ്കർ

**ആം ആദ്മി വീണ്ടും ആഗതമാകുമ്പോൾ**
- യോഗേന്ദ്ര യാദവ്, പ്രശാന്ത് ഭൂഷൺ, സുചേതാ ഡേ, കെ. അരവിന്ദാക്ഷൻ

**ജൈവവൈവിധ്യ ദശകം: വെല്ലുവിളികൾ**
- ഡോ. വന്ദന ശിവ സംസാരിക്കുന്നു

**സമരറിപ്പോർട്ടുകൾ**
**കാക്കഞ്ചേരി മലബാർ ഗോൾഡ് പ്ലാന്റ്** - സാജിദ്
**കടപ്ര ടാർ മിക്സിംഗ് പ്ലാന്റ്** - കെ.എം. തോമസ്

**ജൈവകൃഷിയേക്കാൾ ഭേദം രാസകൃഷിയെന്നോ?**
- സണ്ണി പൈകട

## ജൈവജീവിത സന്ദേശജാഥ
## 2015 ഏപ്രിൽ 5 മുതൽ 24 വരെ

**ഭക്ഷ്യകൃഷിയിലൂടെ പുതിയ കേരളം എന്ന മുദ്രാവാക്യമുയർത്തി കേരള ജൈവകർഷക സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന**

### വാഹനപ്രചരണ ജാഥ

**ഉദ്ഘാടനം ഏപ്രിൽ 5ന് കാസർഗോഡ് ഉപ്പളയിലെ കൊണ്ടയൂർ ആശ്രമത്തിൽ വച്ച്.**
**സമാപന സമ്മേളനം ഏപ്രിൽ 24ന് കോട്ടയം കടുത്തുരുത്തി സെൻട്രൽ ജംഗ്ഷനിൽ**

**ബന്ധങ്ങൾക്ക്: 9496149173**